# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2020 ഓഗസ്റ്റ് 27

# വാർത്താക്കുറിപ്പ്

## പരീക്ഷഫലം

2019 മേയിൽ നടന്ന മൂന്നും നാലും സെമസ്റ്റർ ബി.കോം. പ്രൈവറ്റ് (സി.ബി.സി.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും സെപ്റ്റംബർ 11 വരെ സർവകലാശാല വെബ്സൈറ്റിലെ 'സ്റ്റുഡന്റ്സ് പോർട്ടൽ' ലിങ്ക് വഴി ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/843/2020)

2019 ജൂലൈയിൽ നടന്ന മൂന്ന്, നാല് സെമസ്റ്റർ എം.എ. ഇക്കണോമിക്സ് (പ്രൈവറ്റ്-റഗുലർ, സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും സെപ്റ്റംബർ 14 വരെ സർവകലാശാല വെബ്സൈറ്റിലെ 'സ്റ്റുഡന്റ്സ് പോർട്ടൽ' ലിങ്ക് വഴി ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/844/2020)

2019 ജൂലൈയിൽ നടന്ന മൂന്ന്, നാല് സെമസ്റ്റർ എം.കോം പ്രൈവറ്റ്(റഗുലർ, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും സെപ്റ്റംബർ 11 വരെ സർവകലാശാല വെബ്സൈറ്റിലെ 'സ്റ്റുഡന്റ്സ് പോർട്ടൽ' ലിങ്ക് വഴി ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/845/2020)

## എം.ജി. സർവകലാശാല യു.ജി. പ്രവേശനം; സാധ്യത അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

- ആദ്യ അലോട്ട്മെന്റ് സെപ്റ്റംബർ 14ന്
- സെപ്റ്റംബർ ഏഴുവരെ അപേക്ഷയിലെ തെറ്റ് തിരുത്താം, ഓപ്ഷൻ പുനക്രമീകരിക്കാം

മഹാത്മാഗാന്ധി സർവകലാശാലയ്ക്ക് കീഴിലുള്ള കോളജുകളിൽ ഏകജാലകം(ക്യാപ്) വഴിയുള്ള ബിരുദ പ്രവേശനത്തിന്റെ സാധ്യത അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. അപേക്ഷകർക്ക് സെപ്റ്റംബർ ഏഴുവരെ അപേക്ഷയിൽ വന്ന തെറ്റ് തിരുത്തുന്നതിനും വിവരങ്ങളിൽ മാറ്റം വരുത്താനും ഓപ്ഷനുകൾ പുനക്രമീകരിക്കാനും കൂട്ടിച്ചേർക്കാനും ഒഴിവാക്കാനും സാധിക്കും.

നിലവിൽ അപ്ലോഡ് ചെയ്ത സാക്ഷ്യപത്രങ്ങളുടെ ഡിജിറ്റൽ പകർപ്പ് ആവശ്യമെങ്കിൽ മാറ്റി അപ് ലോഡ് ചെയ്യാം. ഓൺലൈൻ അപേക്ഷയിൽ മാറ്റങ്ങൾ വരുത്തിയ ശേഷം 'സേവ്' ചെയ്ത് അപേക്ഷ 'ഫൈനൽ സബ്മിറ്റ്' ചെയ്യണം. സംവരണ ആനുകൂല്യത്തിനായി പ്രോസ്പെക്ടസിൽ നൽകിയിട്ടുള്ള സാക്ഷ്യപത്രങ്ങളാണ് അപ്ലോഡ് ചെയ്തിരിക്കുന്നതെന്ന് അപേക്ഷകൻ ഉറപ്പുവരുത്തണം. ഇതിനു വിരുദ്ധമായി സാക്ഷ്യപത്രം അപ്ലോഡ് ചെയ്താൽ പ്രവേശനം റദ്ദാക്കപ്പെട്ടേക്കാം. എസ്.സി, എസ്.ടി. വിഭാഗത്തിൽപ്പെട്ടവർ ജാതി സർട്ടിഫിക്കറ്റും എസ്.ഇ.ബി.സി., ഒ.ഇ.സി. വിഭാഗത്തിൽപ്പെട്ടവർ ജാതി

സർട്ടിഫിക്കറ്റും വരുമാന സർട്ടിഫിക്കറ്റും(ഒറ്റ ഫയലായി) അല്ലെങ്കിൽ നോൺക്രീമിലെയർ സർട്ടിഫിക്കറ്റും അപ്‌ലോഡ് ചെയ്യണം. ഇ.ഡബ്ല്യൂ.എസ്. വിഭാഗക്കാർ ഇൻകം ആൻഡ് അസറ്റ് സർട്ടിഫിക്കറ്റ് അപ്‌ലോഡ് ചെയ്യണം.

സംവരണാനുകൂല്യം ആവശ്യപ്പെടാത്ത പിന്നാക്കവിഭാഗത്തിൽപ്പെടുന്നവർക്ക് പൊതുവിഭാഗം തിരഞ്ഞെടുക്കുകയോ വരുമാനം എട്ട് ലക്ഷത്തിൽ കൂടുതലായി നൽകിയശേഷം സംവരണം ആവശ്യമില്ലെന്ന ഓപ്ഷൻ തിരഞ്ഞെടുക്കുകയോ ചെയ്യാം. അപേക്ഷന്റെ പേര്, മൊബൈൽ നമ്പർ, ഇ-മെയിൽ ഐ.ഡി., രജിസ്റ്റർ നമ്പർ എന്നിവ തിരുത്താനാകില്ല. രജിസ്റ്റർ നമ്പരിന്റെ സ്ഥാപനത്ത് പേര്, പിതാവിന്റെ പേര് എന്നിവ നൽകിയവർക്ക് ഇതു തിരുത്താം. അപേക്ഷകന്റെ പേരിലുള്ള ചെറിയ തെറ്റുകൾ പിന്നീട് പ്രവേശനത്തിനുശേഷം തിരുത്തുന്നതിന് കോളജ് അധികൃതർക്ക് സൗകര്യം ലഭ്യമാക്കുമെന്നതിനാൽ ഹെൽപ്‌ലൈൻ സഹായം തേടേണ്ടതില്ല.

(പി.ആർ.ഒ/39/846/2020)

## ജെ.ആർ.എഫ്. ഒഴിവ്

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് എൺവയോൺമെന്റൽ സയൻസസിലെ 'പച്ചത്തുരുത്തുകളുടെ നിർമാണത്തിൽ മിയാവാക്കി മാതൃകയിലുള്ള സമീപനം; എന്ന പ്രോജക്റ്റിൽ പ്രൊജക്റ്റ് ഫെലോയുടെ(ജെ.ആർ.ഫ്) ഒഴിവുണ്ട്. ഒരൊഴിവാണുള്ളത്. മൂന്നുവർഷമാണ് പ്രൊജക്റ്റ് കാലാവധി. യോഗ്യത: എൺവയോൺമെന്റ് സയൻസ്/എൺവയോൺമെന്റ് സയൻസ് ആൻഡ് മാനേജ് മെന്റ്/എൺവയോൺമെന്റ് സയൻസ് ആൻഡ് ഡിസാസ്റ്റർ മാനേജ്മെന്റ് എന്നിവയിലൊന്നിൽ 60 ശതമാനം മാർക്കോടെയും ഉയർന്ന അക്കാദമിക മികവോടെയും എം.എസ് സി. ജയം. പ്ലാന്റ് ടാക് സോണമിയിലെ വിദഗ്ധപരിചയം. മാസം 24200 രൂപ ലഭിക്കും. താൽപര്യമുള്ളവർ ബയോഡേറ്റ സഹിതമുള്ള അപേക്ഷ maheshmohan@mgu.ac.in എന്ന ഇ-മെയിലിലേക്ക് സെപ്റ്റംബർ അഞ്ചിനകം നൽകണം. ഇന്റർവ്യൂ വിവരം ഇ-മെയിലിലൂടെ അപേക്ഷകരെ അറിയിക്കും. വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/847/2020)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ